മൗലാനാ ഖലീൽ ഹാമിദി
സംഗ്രഹവിവർത്തനം: ഹൈദരലി ശാന്തപുരം

# ജമാഅത്തെ ഇസ്‌ലാമി മുസ്‌ലിം ലോകത്തിന് നൽകിയ സംഭാവനകൾ

1941-ൽ ജമാഅത്തെ ഇസ്‌ലാമി സ്ഥാപിതമായി. വിഭജനം വരെ ജമാഅത്തിന്റെ പ്രവർത്തനം ഈ ഉപഭൂഖണ്ഡത്തിൽ പരിമിതമായിരുന്നു. വിഭജനാനന്തരം ജമാഅത്ത് സാഹിത്യങ്ങൾ അറബിയിലേക്കും ഇതര ലോകഭാഷകളിലേക്കും വിവർത്തനമാരംഭിച്ചപ്പോൾ ജമാഅത്തിന്റെ സന്ദേശം മുസ്‌ലിം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെന്നെത്താൻ തുടങ്ങി. അറബിഭാഷയിൽ ജമാഅത്ത് സാഹിത്യങ്ങൾ പ്രാരംഭദശയിലായിരിക്കെതന്നെ അറബി വൃത്തങ്ങളിൽ സാധാരണയായ സ്വീകരണമാണ് അതിന് ലഭിച്ചത്. വിശിഷ്യാ അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ പ്രവർത്തകർക്കിടിയിൽ. ഈജിപ്തിലെയും സിറിയയിലെയും ഇഖ്‌വാൻകാർ അതിന്റെ പ്രചരണം സ്വയം ഏറ്റെടുക്കുകയുണ്ടായി. 1945-ൽ ഈജിപ്തിലെ ഇഖ്‌വാൻ പ്രവർത്തകർ തീക്ഷ്ണമായ പരീക്ഷണങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നപ്പോൾ ജമാഅത്ത് സാഹിത്യങ്ങളുടെ പ്രചാരണ കേന്ദ്രം സിറിയയിലേക്ക് മാറി. കുറച്ചുകാലം സിറിയയിൽ അച്ചടിക്കുകയും ഇതര അറബ്‌നാടുകളിൽ അവ പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. സിറിയയിൽ ബഅസ് പാർട്ടി അധികാരത്തിൽ വന്ന ശേഷം ചിന്താസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടപ്പോൾ ജമാഅത്ത് സാഹിത്യങ്ങളുടെ പ്രസിദ്ധീകരണ-പ്രചരണത്തിന്റെ മുഴുവൻ കാര്യങ്ങളും ബൈറൂത്തിലായി. ബൈറൂത്തിൽ ആഭ്യന്തരകലാപം പട്ടിപ്പുറപ്പെട്ട സാഹചര്യത്തിൽ കൈറോ തന്നെ ഏറെക്കുറെ പ്രസിദ്ധീകരണ കേന്ദ്രമായി. കഴിഞ്ഞ ഏഴു വർഷമായി ജമാഅത്ത് സാഹിത്യങ്ങളുടെ പ്രസിദ്ധീകരണച്ചുമതല രേഖാമൂലമുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ജിദ്ദയിലെ 'അദ്ധാറുസ്സുഊദിയ്യ ലിന്നശ്‌രി വത്തൗസീഅ് എന്ന പ്രസിദ്ധീകരണാലയം ഏറ്റെടുത്തിരിക്കുകയാണ്. വളരെ ശ്രദ്ധയോടും ഉയർന്ന നിലവാരത്തിലും അവർ ജമാഅത്തു സാഹിത്യങ്ങൾ അച്ചടിക്കുകയും അറബുനാടുകളിലെങ്ങും വിതരണം നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. നമ്മുടെ ഒരു പഴയ സുഹൃത്തും മൗലാനാ മൗദൂദിയെ വളരെയേറെ സ്നേഹിക്കുന്ന ദേഹവുമായ ഉസ്താദ് മുഹമ്മദ് സലാഹുദ്ദീനാണ് പ്രസിദ്ധീകരണാലയത്തിന്റെ ഡയക്ടർ. മറ്റു ചില സ്ഥാപനങ്ങളും സ്വന്തമായി ജമാഅത്ത് സാഹിത്യങ്ങൾ അച്ചടിക്കുന്നുണ്ട്. സൗദി അറേബ്യയിലെ വിദ്യാഭ്യാസ മന്ത്രാലയം സ്കൂളുകൾക്കുവേണ്ടി 'ഇസ്‌ലാം മത'ത്തിന്റെ ആയിരക്കണക്കിൽ കോപ്പികൾ അച്ചടിക്കുകയുണ്ടായി. ജോർഡാനിലെ ഹൈസ്കൂളുകളിലും 'ഇസ്‌ലാം മതം' ഒരു പാഠപുസ്തകമാണ്. അവിടത്തെ വിദ്യാഭ്യാസവകുപ്പും അതിന്റെ ധാരാളം പ്രതികൾ അച്ചടിച്ചുകൊണ്ടിരിക്കുന്നു.

കഴിഞ്ഞ അൻപതു വർഷങ്ങൾക്കിടയിൽ മുസ്‌ലിം ലോകത്തിലെ ഇതര ഭാഷകളിൽ ജമാഅത്തു സാഹിത്യങ്ങൾ തർജമ ചെയ്യപ്പെട്ടിട്ടുണ്ട്. പാശ്ചാത്യൻ നാടുകളിലെ മുസ്‌ലിംകൾ കൂടുതലായി അറബിയിലും ഇംഗ്ലീഷിലുമുള്ള തർജമകളെയാണ് ഉപയോഗപ്പെടുത്തുന്നത്. ലോകത്തിന്റെ വിവിധ പ്രദേശങ്ങളിൽ എവിടെയെല്ലാം ഇസ്‌ലാമിക പ്രബോധനപ്രവർത്തനങ്ങൾ നടന്നുകൊണ്ടിക്കുന്നുവോ അവിടെയെല്ലാം ജമാഅത്ത് സാഹിത്യങ്ങൾ ഏതെങ്കിലും ഭാഷയിൽ ചെന്നെത്തിക്കൊണ്ടിരിക്കുന്നു. ദിനേനെയെന്നോണം തിന്റെ ആവശ്യങ്ങൾ വർധിച്ചുകൊണ്ടിരിക്കുകയാണ്. മൗലാനാ മൗദൂദിയുടെ ചില പുസ്തകങ്ങൾക്ക് ലോകത്ത് നിസ്തുലമായ സ്വീകാര്യത ലഭിച്ചിരിക്കുന്നു. ഇസ്‌ലാം മതം, ഇസ്‌ലാമിന്റെ ജീവിതവ്യവസ്ഥ, മുസ്‌ലിം വിദ്യാർഥികളും ഇസ്‌ലാമിക നവോത്ഥാനവും, പ്രസ്ഥാനവും പ്രവർത്തകരും, ജിഹാദ് എന്നിവ ഉദാഹരണങ്ങൾ. ഇന്റർനാഷണൽ ഇസ്‌ലാമിക് ഫെഡറേഷൻ ഓഫ് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സി(IIFSO)ന്റെ ശ്രമഫലമായി എഴുപതിൽ അധികം ഭാഷകളിൽ അവ അച്ചടിച്ചുകൊണ്ടിണ്ടിരിക്കുന്നു. ജമാഅത്ത് സാഹിത്യങ്ങളുടെ സ്വീകാര്യതക്കു പിന്നിൽ ഒളിഞ്ഞു കിടക്കുന്ന വല്ല രഹസ്യവുമുണ്ടെങ്കിൽ അതിതുമാത്രമാണ്.

1. മൗലാനാ മൗദൂദി ഇസ്‌ലാമിക പ്രബോധനത്തെ ഇതര ചിന്തകളുടെയും സിദ്ധാന്തങ്ങളുടെയും കലർപ്പിൽനിന്ന് പരിശുദ്ധമാക്കി. പരിശുദ്ധ ഖുർആൻ സമർപ്പിച്ച തനിമയാർന്ന രൂപത്തിലാണ് അവതരിപ്പിച്ചത്.

2. ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യനിൽ പ്രതികരണം സൃഷ്ടിക്കത്തക്ക ശൈലിയാണ് അതിനുവേണ്ടി അദ്ദേഹം തെരഞ്ഞെടുത്തത്. ഇസ്‌ലാമിക ചരിത്രത്തിൽ പ്രബോധന പ്രവർത്തനങ്ങളിൽ വിജയംവരിച്ച നവോത്ഥാന നായകന്മാരുടെ വിജയരഹസ്യം, അവർ സമകാലീന ചന്താധാരകൾ മുമ്പിൽ വെച്ചുകൊണ്ട് ജനങ്ങളെ അഭിസംബോധന ചെയ്തു എന്നതാണ്. മൗലാനാ മൗദൂദി ആധുനിക സിദ്ധാന്തങ്ങളെയും ചിന്താധാരകളെയും നിരൂപണവിധേയമാക്കി ഒരു ബദൽ വ്യവസ്ഥയായി ഇസ്‌ലാമിക സിദ്ധാന്തങ്ങളെ സമർപ്പിക്കാൻ സ്വീകരിച്ച ശൈലിയിൽനിന്ന് ഗ്രഹിക്കാൻ സാധിക്കും, ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യന്റെ അഭിരുചിയായിരുന്നു അദ്ദേഹത്തിന്റെ മുമ്പിലെന്ന്.

3. അദ്ദേഹം തന്റെ ആഖ്യാന ചാതുരിയെയും സാഹിത്യ കഴിവിനെയും മാത്രമല്ല തന്റെ പ്രബോധനത്തിന്റെ അസ്തിവാരമാക്കിയത്. പ്രസ്തുത ഇസ്‌ലാമിക പ്രവർത്തനം നടത്തുമ്പോൾ അനിവാര്യമായ ഉന്നത കർമമാതൃകയും അദ്ദേഹം ലോകസമക്ഷം സമർപ്പിച്ചു. ചില ഗ്രന്ഥകാരന്മാരുടെ സുന്ദരമായ കലാസൃഷ്ടികൾ സുന്ദരങ്ങളായ പാവകളെപ്പോലെയായിരിക്കും. എന്നാൽ ഗ്രന്ഥകാരൻ അതിനുവേണ്ടി ഉന്നതമായ കർമാതൃക സമർപ്പിക്കുമ്പോൾ പ്രസ്തുത കലാസൃഷ്ടികൾ ചൈതന്യവത്താക്കുകയും അവ അചേതനമായ മൂർത്തികൾക്കു പകരം ചലിക്കുന്ന പ്രകാശ ദീപങ്ങളായിത്തീരുകയും ചെയ്യുന്നു. മൗലാനാ മൗദൂദിയുടെ സുഹൃത്തുക്കൾക്ക് ഈ ഉദാഹരണം ഏറെ ഫിറ്റാകും.

4. മൗലാന ഇസ്‌ലാമിനെ ഒരു സമ്പൂർണ ജീവിത പദ്ധതിയായി അവതരിപ്പിക്കുക മാത്രമല്ല ചെയ്തത്. അതിനെ പ്രയോഗവൽക്കരിക്കാനുള്ള ശ്രമത്തിന് തുട

ക്കമിടുകയും ചെയ്തു. വൈയക്തിക-സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ-വൈജ്ഞാനിക മേഖലകളിലൂടെയെല്ലാം ഈ പ്രബോധനത്തിന്റെ വിജയത്തിനുവേണ്ടി പ്രസ്ഥാനം മൗലാനാ മൗദൂദിയുടെ കൃതികളും ജമാഅത്തെ ഇസ്‌ലാമിയുടെ നവോത്ഥാന ശ്രമങ്ങളും മുസ്‌ലിം ലോകത്ത് ബഹുമുഖമായ ഫലങ്ങളുളവാക്കിയിരിക്കുന്നുവെന്ന വസ്തുത നിഷേധിക്കുവാൻ ദുശ്ശാഠ്യക്കാരനു മാത്രമേ സാധിക്കുകയുള്ളൂ. എന്നാൽ ഫലങ്ങളുടെ നിർണയം പ്രയാസകരമാണ്. ഏതാനും ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

**ചിന്താരംഗത്തെ സംഭാവനകൾ**

എന്റെ വീക്ഷണത്തിൽ ജമാഅത്തെ ഇസ്‌ലാമിയും ഇഖ്‌വാനുൽ മുസ്‌ലിമൂനും ഇരട്ട സഹോദരങ്ങളാണ്. രണ്ടിന്റെയും ഗർഭകാലവും ഏറെക്കുറെ ഒന്നുതന്നെയാണ്. 1928-ൽ ഈജിപ്തിലെ ഇസ്മാഈലിയാ പട്ടണത്തിലാണ് അൽ-ഇഖ്‌വാനുൽ മുസ്‌ലിമൂൻ സ്ഥാപിതമായത്. ജമാഅത്തെ ഇസ്‌ലാമിയുടെ ആവിർഭാവം 1941-ൽ ആയിരുന്നുവെങ്കിലും മൗലാനാ മൗദൂദി ഇസ്‌ലാമിന്റെ വിപ്ലവാത്മകമായ പ്രബോധനം 1923-ൽ തർജമാനുൽ ഖുർആൻ മുഖേന ആരംഭിച്ചിരുന്നു. മൗലാനാ 'അൽ ജിഹാദുൽ ഇസ്‌ലാം' എന്ന വിശ്വപ്രസിദ്ധ ഗ്രന്ഥം 1923-ൽ ആണ് എഴുതിയത്. മൗലാനയുടെ വിപ്ലവചിന്തയും ദീനിനെ സംബന്ധിച്ചുള്ള സമ്പൂർണ വിഭാവനയും ഈ ഗ്രന്ഥത്തിൽ സുതരാം പ്രകടമാണ്. ജമാഅത്തെ ഇസ്‌ലാമിയിലും ഇഖ്‌വാനുൽ മുസ്‌ലിമൂനിലും പല രംഗത്തും സാമാന്യതയുണ്ട്. പക്ഷെ പ്രകടമായ രണ്ടു വ്യത്യാസങ്ങളുണ്ട്.

1. ഇഖ്‌വാനിൽ സംഘടന ആദ്യം നിലവിൽ വരികയും ലക്ഷ്യനിർണയവും ചിന്താപരമനായ പക്വതയും പിന്നീടുണ്ടാവുകയുമാണ് ചെയ്തത്. എന്നാൽ ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യവും ചിന്തയും ആദ്യമെ നിർണയിക്കപ്പെടുകയും സംഘടന പിന്നീട് നിലവിൽ വരികയുമാണുണ്ടായത്.

2. ഇഖ്‌വാൻ ഇസ്‌ലാമിനെ സംക്ഷിപ്തമായി പരിചയപ്പെടുത്തി ധാർമികവും ആത്മീയവുമായ തർബിയത്തിന് ഊന്നൽ നൽകുകയുമാണ് ചെയ്തത്. ജമാഅത്ത് ആധുനിക യുഗത്തിലെ ജാഹിലിയ്യത്തിനെ മുമ്പിൽ വെച്ചു കൊണ്ട് ഇസ്‌ലാമിന്റെ വിശദമായ വിഭാവനയാണ് ജനസമക്ഷം സമർപ്പിച്ചത്. അനന്തരം ധാർമികവും ആത്മീയവുമായ തർബിയ്യത്തോടൊപ്പം തന്നെ ഇസ്‌ലാമിന്റെ വിവിധ വശങ്ങൾ വിശദീകരിക്കുകയും അതിനിവേണ്ടി ഇരുപതാം നൂറ്റാണ്ടിലെ ജാഹിലിയ്യത്തിനെ അഭിസംബോധന ചെയ്യുവാൻ അനിവാര്യമായ ശൈലി സ്വീകരിക്കുകയും ചെയ്തു. ഇഖ്‌വാന്റെ പ്രബോധനത്തിന്റെ തുടക്കത്തിൽ ഇതുണ്ടായിരുന്നില്ല. ജമാഅത്തെ ഇസ്‌ലാമിയും ഇഖ്‌വാന്റെ സ്ഥാപക നേതാവും തമ്മിൽ നേർക്കുനേരെ പരിചയമുണ്ടായിരുന്നില്ല. എന്നാൽ അടുത്ത കാലത്താണ് നഷ്ടപ്പെട്ട കണ്ണികൾ കണ്ടെത്തിയത്. കുവൈത്തിലെ ഒരു കച്ചവടക്കാരനായ അബ്ദുൽ അസീസ് അലിഅൽ മുതവ്വഅ് 1935-ൽ കച്ചവടാവശ്യാർഥം ബോംബെയിൽ വന്നു താമസിച്ചിരുന്നു. അറബി ഭാഷാ പരിജ്ഞാനിയായിരുന്ന അദ്ദേഹത്തിന്റെ ഇന്ത്യക്കാരനായ സെക്രട്ടറി മൗലാനാ മൗദൂദിയുടെ ലേഖനങ്ങൾ അറബയിലേക്ക് വിവർത്തനം ചെയ്യുകയും കച്ചവടക്കാരനായ മുതവ്വഅ് അത് ഈജിപ്തിലുള്ള ഹസനുൽ ബന്നക്ക് അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. അവിടെനിന്ന് അനുമോദനാശീർവാദനങ്ങളടങ്ങിയ മറുപടിയും വന്നിരുന്നു. മൗലാനാ മൗദൂദിയുടെ ആദ്യകാലത്തെ ധാരാളം ലേഖനങ്ങൾ അറബിയിലേക്ക് വിവർത്തനം ചെയ്യിപ്പിച്ച് കൈറോവിൽ നിന്നിറങ്ങിയിരുന്ന അശ്ശർഖ് മാസികയിൽ പ്രസിദ്ധീകരിക്കുകയും, പ്രസിദ്ധീകരണം തുടരാൻ വായനക്കാരിൽനിന്ന് കത്തുകൾ ലഭിക്കുകയും ചെയ്തിരുന്നതായി ഉസ്താദ് അബ്ദുൽ അസീസ് അലി മുതവ്വഅ് പറയുകയുണ്ടായി.

ജമാഅത്തെ ഇസ്‌ലാമി ചിന്താരംഗത്ത് താഴെ പറയുന്ന പ്രതിഫലനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ഇഖ്‌വാൻകാരിലും അല്ലാത്തവരിലും അതിന്റെ ഫലം പ്രകടമായി.

1. ഇസ്‌ലാം കേവലം ഒരു മതമല്ല, ഒരു സമ്പൂർണ ജീവിത വ്യവസ്ഥയാണ്, ഇസ്‌ലാം ലോകത്ത് പരാജിതമായിക്കഴിയാൻ വന്നതല്ല, ലോകത്തിന് മാർഗദർശനം ചെയ്യാൻ വേണ്ടി വന്നതാണ് എന്ന കാര്യം ജമാഅത്ത് ശത്രുക്കളെക്കൊണ്ടും മിത്രങ്ങളെക്കൊണ്ടും ഒരുപോലെ അംഗീകരിപ്പിക്കുകയുണ്ടായി. ഈ നൂറ്റാണ്ടിലെ ആരംഭത്തിൽ വലിയ മുസ്‌ലിം ചിന്തകന്മാർ ഇസ്‌ലാമിനെ പരിമിതാർഥത്തിലുള്ള ഒരു മതമായി പരിചയപ്പെടുത്തിക്കൊണ്ടിരുന്നു. എന്നാൽ ഇന്ന് ഇസ്‌ലാമിന്റെ എതിരാളിയാണെങ്കിലും അനുകൂലിയാണെങ്കിലും ഇസ്‌ലാമിനെ ഒരു സമ്പൂർണ ജീവിതവ്യവസ്ഥയായി അംഗീകരിക്കുന്നു. ഇസ്‌ലാമിന് സ്വന്തമായ ഒരു തത്വശാസ്ത്രവും സംസ്കാരവും സാമൂഹിക വ്യവസ്ഥയും സാമ്പത്തികവ്യവ്സവസ്ഥയുമുണ്ടെന്ന് അവർ സമ്മതിക്കുന്നു.

2. ഇസ്‌ലാമും ജാഹിലിയ്യത്തും തമ്മിലുള്ള അന്തരം വ്യക്തമാക്കുകയുണ്ടായി. മുമ്പ് പ്രവാചകന്മാരും അവസാനം ഖുർആനും ഉപയോഗിച്ച ഒരു സാങ്കേതിക പദമാണ് ജാഹിലിയ്യത്ത്. ചരിത്രത്തിലെ ഒരു പ്രത്യേക കാലഘട്ടത്തിന്റെ പേരല്ല അത്. പ്രത്യുത മനുഷ്യരുടെ ഒരു പ്രത്യേക സ്ഥിതി വിശേഷത്തിനിന്റെ നാമമാണത്. ഇസ്‌ലാമും ജാഹിലിയ്യത്തും തമ്മിലുള്ള പോരാട്ടമാണ് ലോകത്ത് നടന്നിട്ടുള്ളത്. ജാഹിലിയ്യത്തിന്റെ കൊടി വാഹകരിൽ മുസ്‌ലിംകളും അല്ലാത്തവരും ഉണ്ടാകും. ഈ അടിസ്ഥാന തത്വം മുമ്പിൽ വെച്ചുകൊണ്ട് മൗലാനാ മൗദൂദി ഇസ്‌ലാമിക ചരിത്രത്തിനും മുസ്‌ലിം ചരിത്രത്തിനുമിടയിൽ വ്യത്യാസം കൽപിക്കുകയുണ്ടായി.

3. ദൈവത്തിന്റെ പരമാധികാര സിദ്ധാന്തം. ഈ സിദ്ധാന്തമനുസരിച്ച് അല്ലാഹുവിന്റെ പ്രാപഞ്ചിക വിധികർതൃത്വത്തോടൊപ്പം അവന്റെ നിയമ നിർണാധികാരവും അംഗീകരിക്കാതെ ഈമാൻ സമ്പൂർണമാവുകയില്ലെന്ന് മൗലാനാ മൗദൂദി വ്യക്തമാക്കി. നിയമനിർമാണാധികാര സിദ്ധാന്തം ലോകത്തെ പല സിദ്ധാന്തങ്ങൾക്കും തത്വശാസ്ത്രങ്ങൾക്കും കനത്ത അടിയായി. ഈ സിദ്ധാന്തം ജമാഅത്തെ ഇസ്‌ലാമിയുടെ സാഹിത്യങ്ങളിലൂടെയാണ് ഇഖ്‌വാൻകാർക്കിടയിൽ പ്രവേശിച്ചത്. പിന്നീട് സയ്യിദ് ഖുതുബും മുഹമ്മദ് ഖുതുബും ജാഹിലിയ്യത്തിനെ കിടിലം കാള്ളിക്കും വിധം ഈ വിഷയം വിശദീകരിക്കുകയുണ്ടായി.

4. പാശ്ചാത്യൻ സംസ്കാരഭ്രമം അസാനിപ്പിക്കുകയും ഇസ്‌ലാമിക സംസ്കാരത്തിന്റെ സ്ഥാനവും അതിലുള്ള അഭിമാനവും നിലനിർത്തുകയും ചെയ്തു. ഒരു കാലത്ത് ഉന്നതശീർഷരായ പണ്ഡിതന്മാർപോലും പാശ്ചാത്യൻ സംസ്കാരത്തിനു മുമ്പിൽ പകച്ചു നിന്നുപോയിരുന്നു. റശീദു രിദാ പോലുള്ള ആദരണീയരായ പണ്ഡിതന്മാരും ശിബിലിയെപ്പോലുള്ള മഹാന്മാരും ഉദാരണം. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഒരു സാധാരണ പ്രവർത്തകൻ പാശ്ചാത്യൻ നാട്ടിൽ നിന്നുകൊണ്ട് പാശ്ചാത്യൻ സംസ്കാരത്തെ തന്റെ കാലുകൊണ്ട് ചവിട്ടികളയുന്ന കാലമാണിത്. അതിന്റെ പ്രകടമായ ഉദാഹരണമാണ് മർയം ജമീല. അവർ പടിഞ്ഞാറൻ സംസ്കാരത്തിന്റെ ഏറ്റവും വലിയ കേന്ദ്രമായ അമേരിക്കയിലാണ് ജനിച്ചു വളർന്നത്. പക്ഷെ അല്ലാഹു അവരുടെ ഹൃദയത്തെ ഇസ്‌ലാമിനു വേണ്ടി തുറന്നുകൊടുത്തു. മൗലാനാ മൗദൂദിയുമായി അവർക്കുണ്ടായിരുന്ന ആത്മീയബന്ധം അവരുടെ "മർയം ജമീലയും മൗലാനാ മൗദൂദിയുമായുള്ള കത്തിടപാട്" എന്ന പുസ്തകത്തിൽനിന്ന് മനസ്സിലാക്കാൻ സാധിക്കും. പാശ്ചാത്യൻ സംസ്കാരത്തിന്റെ നാശത്തിന്റെ ദുർമുഖം തുറന്നു കാണിക്കുന്ന ധരാളം ഗ്രന്ഥങ്ങൾ അവർ ഇംഗ്ലീഷിൽ എഴുതിയിട്ടുണ്ട്. സ്വീഡനിലെ സൈനബ് അബൂഹാജറാണ് മറ്റൊരുദാഹരണം.

5. മതവും രാഷ്ട്രവും തമ്മിലുള്ള വിഭജനം അവസാനിപ്പിച്ചു. കഴിഞ്ഞ ശതകം മുതൽ ഓറിയന്റലിസ്റ്റുകളിലെ ഒരു വിഭാഗം മുസ്‌ലിം നാടുകളിൽ കൊളോണിയൽ ശക്തികളുടെ പാദമുറപ്പിക്കുന്നതിനായി ഇസ്‌ലാമിനെ രണ്ടുഭാഗമായി വിഭ

ജിക്കാൻ ശ്രമിക്കുകയുണ്ടായി. ഒന്ന് മതത്തിന്റെ ഭാഗവും മറ്റൊന്ന് രാഷ്ട്രീയത്തിന്റെ ഭാഗവും. മതത്തിന്റെ ഭാഗം പണ്ഡിതന്മാരുടെ കൈയിലും രാഷ്ട്രീയത്തിന്റെ ഭാഗം 'സീസറി'ന്റെ കൈയിലും ഏൽപിച്ചുകൊടുക്കുക- 'സീസറി'ന് ഇഷ്ടാനുസരണം മുസ്‌ലിംകളുടെ മേൽ അധികാരം വാഴുന്നതിനു വേണ്ടി. ദീനും ദുൻയാവും തമ്മിലുള്ള ഈ വിഭജനവാദം മുസ്‌ലിംകളിലെ ഒരു വലിയ വിഭാഗം അതിന്റെ വക്താക്കളാകുമാറ് ഓറിയന്റലിസ്റ്റുകൾ വിപുലമായി പ്രചരിപ്പിച്ചുകൊണ്ടിരുന്നു. മൗലാനാ മൗദൂദി എഴുന്നേറ്റു നിന്നുകൊണ്ട് പ്രഖ്യാപിച്ചു: "ഇസ്‌ലാം ഒരു ഏകകമാണ്. അതിന്റെ ഭാഗങ്ങൾ വെട്ടിമുറിക്കാൻ സാധ്യമല്ല. അതൊന്നായി സ്വീകരിക്കുകയോ ഒന്നായി തള്ളിക്കളയുകയോ മാത്രമേ വഴിയുള്ളൂ." മറ്റൊരു ഭാഗത്ത് ഹസനുൽബന്ന മുദ്രാവാക്യം മുഴക്കി: "ഇസ്‌ലാം മതവും രാഷ്ട്രവുമാണ്; ഖുർആൻ ഖഡ്ഗകവുമാണ്."

**പ്രാസ്ഥാനിക രംഗത്തെ സംഭാവനകൾ**

ജമാഅത്തെ ഇസ്‌ലാമി ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങളിൽ ചെലുത്തിയ മറ്റൊരു സ്വാധീനം സംഘടനയുടെ പ്രവർത്തന മാർഗത്തിലും സംഘടനാ വ്യവസ്ഥയിലുമാണ്. ഈ വിഷയകമായി താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്.

**ജനാധിപത്യ തെരഞ്ഞെടുപ്പു രീതി**

ആധുനികയുഗത്തിൽ ഇസ്‌ലാമിക വിപ്ലവം ജനാധിപത്യപരവും നിയമവിധേയവുമായ മാർഗത്തിലൂടെ മാത്രമേ സാധ്യമാവൂ. ഈ ലക്ഷ്യപ്രാപ്തിക്കായി ജമാഅത്ത് നാല് മാർഗങ്ങൾ സ്വീകരിച്ചിരിക്കുന്നു. ഒന്ന്, ചിന്താരംഗത്തെ പരിശുദ്ധി; രണ്ട്, ഉത്തമവ്യക്തികളുടെ സംഘടന; മൂന്ന്, സമൂഹത്തിന്റെ സംസ്കരണം; നാല്, ഭരണകൂടത്തിന്റെ സംസ്കരണം.

ജമാഅത്ത് പ്രസ്തുത പോയിന്റുകളെ ഇസ്‌ലാമിക നവോത്ഥാനത്തിന്റെ സ്വാഭാവിക മാർഗമായി വിശ്വസിച്ചിരിക്കുന്നു.

ഈ വിഷയം ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കിടയിൽ വിശിഷ്യാ ഇഖ്‌വാൻ വൃത്തങ്ങളിൽ കാര്യമായ ചർച്ചക്കു വിഷയീഭവിച്ചിട്ടുണ്ട്. എനിക്ക് ഓർമയുണ്ട്, മൗലാനാ മൗദൂദി വിദേശപര്യടനം നടത്തിയ സന്ദർഭത്തിലെല്ലാം അദ്ദേഹത്തോട് ചോദിച്ചിട്ടുണ്ട് ഇസ്‌ലാം സായുധവിപ്ലവത്തിന് എതിരാണോ എന്ന്. മൗലാനാ വളരെ ധീരമായിത്തന്നെ ഈ ചോദ്യത്തിനെ നേരിട്ടുകൊണ്ടിരുന്നു. വളരെ വ്യക്തമായിത്തന്നെ അദ്ദേഹം മറുപട നൽകുകയുണ്ടായി.

(1982-ൽ ഒരു സായുധ വിപ്ലവശ്രമം സിറിയയിൽ നടക്കുകയുണ്ടായി. അതിന്റെ പ്രത്യാഘാതം ഇനിയും അവസാനിച്ചിട്ടില്ല. പ്രസ്തുത വിപ്ലവശ്രമത്തിൽ മുപ്പതിനായിരം ആളുകൾ രക്തസാക്ഷികളായിരുന്നു. പതിനായിരം പേർ പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകരായിരുന്നു. ആയിരക്കണക്കിന് സ്ത്രീ പുരുഷന്മാർ ഇപ്പോഴും ജയിലറകളിലുണ്ട്. നൂറുക്കണക്കിനു പ്രവർത്തകർ ക്രൂരമായ പീഡനങ്ങളോടെ ജയിലിൽതന്നെ രക്തസാക്ഷിത്വം വരിച്ചു. സിറിയയിലെ ഇസ്‌ലാമിക പട്ടണമായ ഹമാ വെടിയുണ്ടകളേറ്റ് തകർന്നുപോയി. ഹമായിൽനിന്നും ഹിംസ്, ദീദുസ്സൂർ, അലപ്പോ മുതലായ പട്ടണങ്ങളിൽനിന്നും ആയിരക്കണക്കിൽ ആളുകൾ കുടിയൊഴിച്ചുപോയി. അവർ ഇന്നു വിദ്യാഭ്യാസത്തിന്റെയും ജോലിയുടെയും കാര്യത്തിൽ പല പ്രയാസങ്ങളും അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്).

ഉപര്യുക്ത വിഷയവുമായി ബന്ധപ്പെട്ട മറ്റൊരു പ്രശ്നമുണ്ട്. ഇസ്‌ലാമിക നവോത്ഥാന പ്രവർത്തനങ്ങൾ ഗൂഢമാകാമോ എന്നതാണത്. ജമാഅത്ത് ശക്തിയുക്തം സമർഥിക്കുകയുണ്ടായി -ഇപ്പോഴും സമർഥിച്ചുകൊണ്ടിരിക്കുന്നു- ഇസ്‌ലാമിക നവോത്ഥാന പ്രവർത്തങ്ങൾ ഗൂഢമായിരിക്കരുത്, പരസ്യമായിരിക്കണം എന്ന്. ഗൂഢരൂപത്തിന് ജമാഅത്ത് തികച്ചും എതിരാണ്.

ശക്തിപ്രയോഗത്തിനും ഗൂഢ പ്രവർത്തനത്തിനും ജമാഅത്ത് അനുകൂലമല്ലെന്ന കാര്യം ജമാഅത്ത് സാഹിത്യങ്ങളിൽനിന്ന് ഗ്രഹിക്കാൻ സാധിക്കും. 1963-ൽ മക്കയിലെ മസ്ജിദു ദഹ്‌ലയിൽ വെച്ച് "ആധുനിക യുഗത്തിൽ മുസ്‌ലിം യുവാക്കളുടെ ഉത്തരവാദിത്വങ്ങൾ" എന്ന ശീർഷകത്തിൽ മൗലാനാ മൗദൂദി ചെയ്ത പ്രസംഗത്തിൽ പ്രസ്തുത രണ്ടു വീക്ഷണങ്ങളും വളരെ ശക്തമായി സമർഥിച്ചിരുന്നു. ഈ പ്രസംഗം അറബുലോകത്തെ പത്രങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. പിന്നീട് ഒരു ലഘുലേഖയുടെ രൂപത്തിൽ അച്ചടിക്കുകയും അതിന്റെ ആയിരക്കണക്കിൽ കോപ്പികൾ പ്രചരിപ്പിക്കപ്പെടുകയും ചെയ്തു. ഇന്നും അത് തുടരുന്നു.

പ്രസ്തുത പ്രസംഗം വമ്പിച്ച പ്രതികരണമാണ് സൃഷ്ടിച്ചത്. വിവിധ സദസ്സുകളിൽ അത് ചർച്ചാവിഷയമായി. 1969-ൽ മദീനയിലെ ഒരു വലിയ സദസ്സിൽ വെച്ച് ഒരാൾ എഴുന്നേറ്റ് നിന്ന് മൗലാനയുടെ മുമ്പിൽ ഇതേ ചോദ്യം ഉന്നയിച്ചു. മൗലാന പറഞ്ഞു: "എന്റെ അഭിപ്രായം വളരെ വ്യക്തമായി പലപ്പോഴും വിവരിച്ചതാണ്." ചോദ്യകർത്താവ് വിട്ടില്ല. ഇസ്‌ലാമികവിപ്ലവത്തിന് ബലപ്രയോഗം അനുവദനീയമാണോ അല്ലേ എന്ന കാര്യം രണ്ടു വാക്കിൽ വിവരിക്കാൻ അദ്ദേഹം മൗലാനയെ നിർബന്ധിച്ചു. മൗലാന ഒരു വായടപ്പൻ മറുപടിയാണ് നൽകിയത്. "ബലപ്രയാഗം നടത്താൻ ഉദ്ദേശിക്കുന്ന വ്യക്തി അക്കാര്യം ഇതുപോലുള്ള സദസ്സുകളിൽ ചർച്ചാവിഷയമാക്കുകയില്ല."

ഇപ്പോൾ ലോകത്തുള്ള സകല ഇസ്‌ലാമിക പ്രസ്ഥാനങ്ങളും ജമാഅത്തെ ഇസ്‌ലാമി സ്വീകരിച്ചിട്ടുള്ള ഇസ്‌ലാമിക വിപ്ലവമാർഗമാണ് ആരോഗ്യകരവും അനുഗ്രഹീതവുമെന്ന് അംഗീകരിച്ചിരിക്കുന്നു. ഗൂഢമാർഗം സ്വീകരിക്കാൻ ശ്രമിച്ച ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ അതിൽ വിജയിച്ചില്ല എന്നുമാത്രമല്ല, തങ്ങളുടെ വിലപ്പെട്ട ധാരാളം പ്രവർത്തകരെ കൈയൊഴിക്കേണ്ടി വരികയും ഭാവിയിലെ പ്രവർത്തനകവാടം കൊട്ടിയടക്കപ്പെടുകയും ചെയ്തു- താൽക്കാലികമായാണെങ്കിലും. നാം ലോകത്ത് സംസ്കരണത്തിന്റെ സന്ദേശവുമായി എഴുന്നേറ്റു നിന്നവരാണ്; കുഴപ്പത്തിന്റെ പ്രബോധകന്മാരായിക്കൊണ്ടല്ല. ജമാഅത്തെ ഇസ്‌ലാമി ശരിയായ പ്രവർത്തനമാർഗം എന്നതാണ് അതിന്റെ പുരോഗതിയുടെയും നിലനിൽപിന്റെയും രഹസ്യം. വിജ്ഞാനത്തിന്റെയും സൽസ്വഭാവത്തിന്റെയും ആയുധംകൊണ്ട് ജനഹൃദയങ്ങളെ കീഴ്പെടുത്താൻ സാധിക്കാത്ത പ്രസ്ഥാനത്തിന് വാൾത്തലകൊണ്ട് എന്തു സേവനമാണ് മനുഷ്യർക്കു ചെയ്യാൻ സാധിക്കുക?

നമ്മുടെ ലക്ഷ്യം (ഇഖാമത്തുദ്ദീൻ) നിർണിതവും മാറ്റമില്ലാത്തതുമാണ്. "നിങ്ങൾ ദീനിനെ നിലനിർത്തു. അതിൽ ഭിന്നിക്കരുത്" എന്ന ദൈവിക വിധിയാണതിനാധാരം. എല്ലാ പ്രവാചകന്മാർക്കും അന്ത്യപ്രവാചകൻ മുഖേന മുസ്‌ലിം സമുദായത്തിനും നൽകിയ നിർദേശമാണത്. ലക്ഷ്യപ്രാപ്തിക്ക് സ്വീകരിക്കുന്ന നയപരിപാടികൾ ഇജ്തിഹാദീപരമായ ഒരു വിഷമതയാണ്. ഇസ്‌ലാമിക ശരീഅത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ചുറ്റുപൊടിന്റെ താൽപര്യമനുസരിച്ച് അതിൽ ഭേദഗതി ആകാവുന്നതാണ്. സ്വീകരിക്കുന്ന പ്രവർത്തനമാർഗം നിർമാണാത്മകവും നാശഹേതുകമല്ലാത്തുമായിരിക്കണം എന്നത് അടിസ്ഥാന ഉപാധിയാണ്.

**സുശക്തമായ സംഘടനാവ്യവസ്ഥ**

പ്രാസ്ഥാനിക രംഗത്ത് ജമാഅത്ത് ലോകത്തിന് നൽകിയ രണ്ടാമത്തെ പാഠം ഇസ്‌ലാമിക പ്രസ്ഥാനം വ്യവസ്ഥയുടെ കാര്യത്തിൽ ലോകത്തിലെ മാതൃകാ സംഘടനയായിരിക്കണം എന്നതാണ്. സംഘടനാ വ്യവസ്ഥയിലൂടെ തങ്ങൾ ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാന തത്വങ്ങളുടെ പ്രായോഗിക പരിശീലനം നൽകാൻ സാധിക്കണം. ജനാധിപത്യ സ്വഭാവം, പ്രവർത്തകരുടെയും നായകന്മാരുടെയും അധികാര പരിധികളുടെ നിർണയം, ഭരണഘടനാ യോഗ്യതകളും ഉത്തരവാദിത്വങ്ങളും, സ്ഥാനാർഥിത്വ നിരോധം മുതലായവ ഉദാഹരണം. ഈ മാതൃക ലോകത്തെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളെല്ലാം ഇപ്പോൾ അംഗീകരിച്ചിട്ടുണ്ട്. ഇഖ്‌വാനിൽ 'മഖ്തബുൽ ഇർശാദ്' എന്ന ഒരുന്നത സമിതിയുണ്ടായിരുന്നു. എന്നാൽ ഇമാം ഹസനുൽബന്നയുടെ രക്തസാക്ഷിത്വത്തിനുശേഷം

പുതിയ 'മുർശിദു ആമി'നെ (നേതാവിനെ) തെരഞ്ഞെടുക്കേണ്ട സമയമായപ്പോൾ മക്തബുൽ ഇർശാദിൽ ഗുരുതരമായ ആഭ്യന്തര ശൈഥില്യമുണ്ടായി. തദ്ഫലമായി സാലിഹ് അശ്മാവി, അഹ്മദ് ഹസൻ ബാഖുരി, സയ്യിദ് സാബിഖ്, മുഹമ്മദ് ഗസ്സാലി തുടങ്ങിയ ഉന്നത സമിതിയിലെ പ്രമുഖാഗങ്ങൾ താന്താങ്ങൾക്കുവേണ്ടി ചരടുവലികൾ നടത്തുകയും അത് വിജയിക്കാതിരുന്നപ്പോൾ തന്ത്രപൂർവം സംഘടനയിൽ നിന്നുതന്നെ പുറത്തുപോവുകയും ചെയ്തു. ഇഖ്‌വാന്ന് സ്വന്തക്കാർ വരുത്തുവെച്ച അത്രദോഷം ശത്രുക്കൾ പോലും വരുത്തിവെച്ചിട്ടില്ല എന്നു പോലും പറഞ്ഞുകേട്ടിട്ടുണ്ട്.

**ശൂറാ സ്വഭാവം**

പ്രാസ്ഥാനിക രംഗത്ത് സ്വീകരിച്ച മൂന്നാമത്തെ കാര്യം ശൂറാ സ്വഭാവമാണ്- അമീർ ശൂറക്ക് വിധേയനാണോ അല്ലേ എന്ന കാര്യം.

ശരീഅത്തു പ്രകാരം അമീർ ശൂറക്കു വിധേയനല്ല എന്ന അഭിപ്രായമാണ് ആദ്യത്തിൽ മൗലാനാ മൗദൂദിക്കുണ്ടായിരുന്നത്. ശൂറായുടെയും അമീറിന്റെയും അഭിപ്രായങ്ങൾക്കിടയിൽ സംഘട്ടനമുണ്ടായാൽ അമീറിന്റെ അഭിപ്രായം സ്വീകരിക്കപ്പെടണം എന്നർഥം. ശൂറക്ക് അമീറിന്റെ മുമ്പിൽ തല കുനിക്കേണ്ടി വരും. പക്ഷെ പിന്നീട് നടത്തിയ സുവിസ്തരമായ പഠനത്തിന്റെ വെളിച്ചത്തിൽ മൗലാനാ തന്റെ പൂർവാഭിപ്രായത്തിൽനിന്ന് പിൻവാങ്ങുകയുണ്ടായി. ശൂറാ അമീറിനു വിധേയമല്ല, അമീർ ശൂറക്ക് വിധേയനാണ് എന്ന തത്വമാണ് ജമാഅത്തെ ഇസ്‌ലാമി ഉയർത്തിപ്പിടിക്കുന്നത്. ജനാധിപത്യത്തിന്റെ അടിസ്ഥാനതത്വമാണിത്. ഇരുപക്ഷത്തിനും ഇടയിൽ ഭിന്നാഭിപ്രായമുണ്ടാവുകയാണെങ്കിൽ അതിനുള്ള പരിഹാരം ജമാഅത്ത് ഭരണഘടനയിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്.

ഇഖ്‌വാനുൽ മുസ്‌ലിമൂനിലും സമാന സ്വഭാവമുള്ള സംഘടനകളിലും 'മുർശിദുൽ ആം' ആണ് സർവസ്വം. ആ രീതി അവർക്കിടയിൽ ഗുരുതരമായ പല ആഭ്യന്തര പ്രശ്നങ്ങൾക്കും കാരണമായിരിക്കുന്നു. പ്രസ്ഥാനത്തിന്റെ നിലനിൽപുതന്നെ അപകടകരമാക്കത്തക്ക പ്രശ്നങ്ങൾ ചില സ്ഥലങ്ങളിൽ തലപൊക്കിയിട്ടുണ്ട്. വർഷങ്ങൾക്കു മുമ്പ് ലബനാനിലെ അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യയുടെ ജിഹ്വയായ 'അശ്ശിഹാബ്' ഈ വിഷയം ചർച്ചക്കു വിധേയമാക്കി. ഡമാസ്കസിലെ 'ഹദാറതുൽ ഇസ്‌ലാ'മും അതിൽ സജീവ പങ്കു വഹിക്കുകയുണ്ടായി. ഇരു പത്രങ്ങളും മൗദൂദിയുടെ അഭിപ്രായം ഉദ്ധരിച്ചിരുന്നു. യൂറോപ്പിലും അമേരിക്കയിലുമുള്ള വിദ്യാർഥി യുവജന സംഘടനകളും ലോകത്തെ മറ്റു പല ഇസ്‌ലാമിക പ്രസ്ഥാനങ്ങളും ഭരണഘടനയുടെയും ശൂയുടെയും വിഷയത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ രീതിയാണ് സ്വീകരിച്ചിട്ടുള്ളത്.

**ഉറക്കു കളയുന്ന തൂലിക**

റിയാദിൽ അറബികളുടെ ഒരു യോഗത്തിൽ ഒരു യുവാവ് പറഞ്ഞു തുടങ്ങി:

"മൗലാനാ മൗദൂദിയുടെയും ഇതര ഗ്രന്ഥകാരന്മാരുടെയും എഴുത്തുകൾ തമ്മിലുള്ള അന്തരം ഇതത്രെ: മറ്റുള്ളവരുടെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതുകൊണ്ട് മാനസികവും ചിന്താപരവുമായ പോഷണം ലഭിക്കും. എന്നാൽ മൗലാനാ മൗദൂദിയുടെ സാഹിത്യങ്ങൾ വായിക്കുമ്പോൾ ഉറക്കു തന്നെ നീങ്ങിപ്പോകും"

കഴിഞ്ഞ കാൽ നൂറ്റാണ്ടു കാലമായി അറബ് ലോകത്തെ പുതിയ തലമുറയിലെ ഒരു വിഭാഗം നാലു എഴുത്തുകാരുടെ ചുറ്റും കറങ്ങിക്കൊണ്ടിരിക്കുകയാണ്. അൾജീരിയയിലെ പരേതനായ ഇസ്‌ലാമിക ചിന്തകൻ മാലികുബ്നു നബിയാണ് ഒരാൾ. അദ്ദേഹം ഇസ്‌ലാമിക നവജാഗരണാർഥം തന്റെ വിശേഷശൈലിയിൽ അറബിയിലും ഫ്രഞ്ചിലും ചിന്തോദീപകമായ ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. സയ്യിദ് ഖുതുബാണ് രണ്ടാമൻ. അദ്ദേഹത്തിന്റെ മൂർച്ചയേറിയ തൂലിക അറബികളിൽ വലിയ സ്വാധീനം ചെലുത്തിയിരിക്കുന്നു -വിശിഷ്യാ അദ്ദേഹത്തിന്റെ 'ഫീ ദിലാലിൽ ഖുർആൻ' എന്ന ഖുർആൻ വ്യാഖ്യാനഗ്രന്ഥം. ഇതിന്റെ ലക്ഷക്കണക്കിൽ കോപ്പികൾ ഇതിനകം പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു. മൗലാനാ അബുൽ ഹസൻ അലി നദ്‌വിയാണ് മൂന്നാമൻ. അദ്ദേഹത്തിന്റെ അറബി ഭാഷാ പടുത്തവും ആകർഷകമായ ആഖ്യാന ശൈലിയും അറബി വൃത്തങ്ങൾക്കിടയിൽ അദ്ദേഹത്തിന് പ്രത്യേക സ്ഥാനം നേടിക്കൊടുത്തിരിക്കുന്നു. മൗലാനാ മൗദൂദിയാണ് നാലാമൻ. അറബിനാടുകളിൽ വിജ്ഞർക്കിടയിൽ പ്രചാരത്തിലുള്ള ഒരു ചൊല്ലുണ്ട്. "മാലിക്കിബ്നു നബി തത്ത്വചിന്തകൻ, അബുൽഹസൻ അല നദ്‌വി സൂഫി, സയ്യിദ് ഖുത്തുബ് മുജാഹിദ്, മൗലാനാ മൗദൂദി, അദ്ദേഹം ഉന്നത ശൃംഗത്തിലാണ്." സയ്യിദ് ഖുത്തുബ് തന്റെ ഗ്രന്ഥങ്ങളിൽ, തന്നെ മൗലാനാ മൗദൂദിയുടെ ശിഷ്യനായിട്ടാണ് പരിചയപ്പെടുത്തിയിട്ടുള്ളത്.